## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **27-06-2012-ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നമ്പർ.4066.**

## തൊഴിലാളിക്ഷേമ പുനരധിവാസ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള: | ശ്രീ.ഷിബുബേബി ജോൺ (ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിലാളികൾക്കായി നഗരങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകാൻ തൊഴിൽ വകുപ്പ് ഉദ്ദേശിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ; | ബി) ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെയും കെട്ടിട നിർമ്മാതാക്കളുടെയും സഹകരണത്തോടുകൂടി ലേബർ ഷെൽറ്റർ നിർമ്മിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (സി) തൊഴിലാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിക്കുകയും അവർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകി വരുകയും ചെയ്യുന്നു. കെട്ടിട നിർമ്മാണ തൊഴിലാളികളെ, അവർ ജോലി ചെയ്യുന്ന സൈറ്റിൽ ചെന്ന് രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം അംഗങ്ങൾ ആകുന്ന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, ആശ്വാസ ധനസഹായം അംഗത്വം നിലനിൽക്കേ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം മരണമടഞ്ഞ തൊഴിലാളിയുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, ഒരു വർഷത്തിൽ കുറയാത്ത കാലം അംഗത്വം നിലനിർത്തിയിട്ടുള്ള അംഗത്തിന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ഗ്രാന്റ്, അഞ്ച് വർഷത്തിൽ കുറയാത്ത കാലം അംശാദായം അടച്ച് തൊഴിൽ അവസാനിപ്പിക്കുമ്പോൾ ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. അന്യസംസ്ഥാന തൊഴിലാളികൾക്കായി ഒരു ഷെൽട്ടർ പണിയുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ